ഭൂഗർഭ ജലപോഷണത്തിനുവേണ്ടിയുള്ള നടപടി

5 [* 70] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

„ കെ. സുധാകരൻ :

„ എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂജല വിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രദേശങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) എന്തെല്ലാം നിയന്ത്രണങ്ങളാണ് ഇക്കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഭൂഗർഭ ജലപോഷണത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; ഇതിന്റെ പ്രയോജനം അനുഭവപ്പെട്ടു തുടങ്ങിയോ ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഭൂജലം അമിതമായി ചൂഷണം ചെയ്യപ്പെടുന്നതായി കണ്ടെത്തിയ അഞ്ച് ബ്ലോക്കുകളെ കേരള ഭൂജല അതോറിറ്റിയുടെ ശുപാർശ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ സാധാരണ തുറന്ന കിണറുകളെ (വ്യാവസായിക ആവശ്യങ്ങൾക്ക് ഒഴികെ) നിയന്ത്രണങ്ങളിൽ നിന്നൊഴിവാക്കുക എന്ന ഉദ്ദേശത്തോടെ കേരള ഭൂജല ആക്ടിൽ ചില ഭേദഗതികൾ സർക്കാരിന്റെ സജീവ പരിഗണനയിൽ ഉള്ളതുകൊണ്ട് വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ തുടർ നടപടികളും നിയന്ത്രണങ്ങളും ആരംഭിച്ചിട്ടില്ല.

(ബി) കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) 2002 ആക്ടിലെ 6 (1) വകുപ്പ് അനുസരിച്ച് അമിത ഭൂജല ചൂഷണം നടത്തുന്ന അതിയന്നൂർ, ചിറ്റൂർ, കൊടുങ്ങല്ലൂർ, കാസർഗോഡ്, കോഴിക്കോട് എന്നീ ബ്ലോക്കുകളെ കേരള ഭൂജല അതോറിറ്റിയുടെ ശുപാർശ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ ഭൂജല ആക്ടിൽ ചില ഭേദഗതികൾ വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഭൂജല ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ സാധാരണ കിണർ (വീടാവശ്യത്തിനുള്ളവ ഒഴികെ) കുഴിക്കുന്നതിനും പെർമിറ്റ് ആവശ്യമാണ്. സാധാരണ തുറന്ന കിണറുകൾ (വ്യാവസായിക ആവശ്യങ്ങൾക്ക് ഒഴികെ) നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കുക എന്നതാണ് ഭേദഗതി വരുത്തുന്നതിന്റെ പ്രധാന ഉദ്ദേശം. ഇങ്ങനെ ഒരു ഭേദഗതി സർക്കാരിന്റെ പരിഗണനയിൽ ഉള്ളതുകൊണ്ട് വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ തുടർ നടപടികളും നിയന്ത്രണങ്ങളും ആരംഭിച്ചിട്ടില്ല. എന്നാൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഭാവിയിൽ താഴെപ്പറയുന്ന നിയമങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(1) വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്ത് സ്വന്തമായോ സാമൂഹ്യാടിസ്ഥാനത്തിലോ ഏതെങ്കിലും ആവശ്യത്തിന് ബോർവെൽ, ഡഗ്ഗ്-കം-ബോർവെൽ, കുഴൽകിണർ,

LIBRARY ARCHIVES Kerala Legislative Assembly

സംഭരണ കിണർ, ഇൻഫിൽട്രേഷൻ ഗ്യാലറി എന്നിവ കുഴിക്കാനോ നിലവിലുള്ളവയെ ഒരു പമ്പ് ചെയ്യുന്നകിണറായി പരിവർത്തനം ചെയ്യാൻ ആഗ്രഹിക്കുന്ന ഏതൊരാളും ആ ആവശ്യത്തിലേക്ക് പെർമിറ്റ് ലഭിക്കാനായി ഭൂജല അതോറിറ്റിക്ക് അപേക്ഷ നൽകേണ്ടതും അതോറിറ്റി പെർമിറ്റ് നൽകാത്തിടത്തോളം പ്രസ്തുത പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുവാൻ പാടില്ലാത്തതുമാകുന്നു. കൂടാതെ വ്യാവസായിക ആവശ്യത്തിന് തുറന്ന കിണർ, കുഴൽ കിണർ എന്നിവ കുഴിക്കുവാനും നിലവിലുള്ളവയെ പമ്പ് ചെയ്യുവാനും പെർമിറ്റ് ആവശ്യമാണ്.

(2) വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്ത് ഏതെങ്കിലും ആവശ്യത്തിന് നിലവിലുള്ളതും ഉപയോഗത്തിലുള്ളതുമായ ബോർവെൽ, ഡഗ്ഗ്-കം-ബോർവെൽ, കുഴൽകിണർ, ഇൻഫിൽട്രേഷൻ ഗ്യാലറി എന്നിവ രജിസ്റ്റർ ചെയ്യേണ്ടതിനും അത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി ഉടമസ്ഥർ വിജ്ഞാപനം നിലവിൽ വന്ന തീയതി മുതൽ 120 ദിവസത്തിനുള്ളിൽ അതോറിറ്റിയോട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും അപേക്ഷിക്കേണ്ടതാണ്. കൂടാതെ വ്യാവസായിക ആവശ്യത്തിനുള്ള തുറന്ന കിണർ, കുഴിക്കിണർ എന്നിവയ്ക്കും രജിസ്ട്രേഷൻ ആവശ്യമാണ്. എന്നാൽ പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തതിന് അപേക്ഷകന് മതിയായ കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷയും സ്വീകരിക്കാവുന്നതാണ്. അപേക്ഷയിൻമേൽ നടപടികൾ സ്വീകരിക്കുന്നത് ഭൂജല അതോറിറ്റി നിയോഗിക്കുന്ന ഭൂജല ശാസ്ത്രജ്ഞൻ പ്രസ്തുത സ്ഥലത്തിന്റെ ഭൂഗർഭശാസ്ത്രവും ഭൂജലത്തിന്റെ നിലവിലുള്ള സ്ഥിതിയും പരിശോധന നടത്തിയതിനുശേഷം ആവശ്യമെങ്കിൽ സ്ഥല പരിശോധനയും നടത്തിയതിനു ശേഷം മാത്രമായിരിക്കും.

(സി) ഭൂഗർഭ ജലപോഷണത്തിനുവേണ്ടി ഭൂജല വകുപ്പ് കൃത്രിമ ഭൂജല സംരക്ഷണ പദ്ധതിയും മഴവെള്ള ശേഖരണ പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതികൾ പ്രകാരം 31 മഴവെള്ള ശേഖരണ പദ്ധതികൾ പൂർത്തിയാക്കി. മഴവെള്ള സംഭരണത്തിന്റെ ആവശ്യകതയെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു. കൃത്രിമ ഭൂജല സംരക്ഷണ പദ്ധതികളായ തടയണ, അടിയണ എന്നിവ കേന്ദ്ര ഭൂജല ബോർഡിന്റെ സഹായത്തോടെ വിവിധ ജില്ലകളിൽ നിർമ്മിച്ചിട്ടുണ്ട്.

കൂടാതെ വിവിധ ജില്ലകളിലായി 6 ഭൂജല റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുകയും 21 പുതിയ റീചാർജ്ജ് പദ്ധതികൾക്ക് രൂപം നൽകുകയും ഇതിന് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഭൂജല വകുപ്പിനെ കൂടാതെ കേരളാ റൂറൽ വാട്ടർ സപ്ലൈ ഏജൻസിയും ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ ഏജൻസി രൂപം നൽകുന്ന ഉപഭോക്തൃ സമിതികൾക്കായി നിർമ്മിക്കുന്ന കിണറുകളിലെ ജലലഭ്യത ഉറപ്പുവരുത്താനായുള്ള "പോയിന്റ് റീചാർജ്ജ്" പദ്ധതികളാണ് പ്രധാനമായും നടപ്പാക്കുന്നത്. വിവിധ ഭൂഗർഭ ജലസംപോഷണ പദ്ധതികൾക്കായി 1,14,75,000 രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൃത്രിമ ഭൂഗർഭ സംരക്ഷണ പദ്ധതികളായ തടയണ, അടിയണ മുതലായവ ഭൂജല ഒഴുക്കിന്റെ അളവിനെ തടഞ്ഞ് നിർത്തി ഒരു പ്രത്യേക പ്രദേശത്തെ ഭൂജല ശേഷി വർദ്ധിപ്പിക്കുന്നു. ഇത്തരത്തിൽ പാലക്കാട് പുതുശ്ശേരിയിലും കാസർഗോഡ് അനിഞ്ഞ പഞ്ചായത്തിലും കിണറുകളിൽ ജലലഭ്യത വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

അന്തർ സംസ്ഥാന നദികൾ ബന്ധിപ്പിക്കാൻ നടപടി

6 [* 71] ശ്രീ. പി. എസ്. സുപാൽ :

" കെ. പി. രാജേന്ദ്രൻ :

" മാങ്കോട് രാധാകൃഷ്ണൻ :

" എം. കുമാരൻ :

" എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദികൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമുള്ള കേന്ദ്ര സർക്കാർ പദ്ധതി സംസ്ഥാനത്തെ ഏതെങ്കിലും നദികളെ ബന്ധപ്പെടുത്തി നടപ്പിലാക്കുന്നുണ്ടോ;

(ബി) പമ്പാ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി കേന്ദ്ര സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; അതിൻമേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന നദീ സംയോജന പദ്ധതിയിൽ കേരളത്തിലെ പമ്പാ-അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി ബന്ധിപ്പിക്കുന്ന പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതി ഉപേക്ഷിച്ചതായി അറിയിച്ചിട്ടില്ല. പമ്പാ-അച്ചൻകോവിൽ നദികൾ അന്തർ സംസ്ഥാന നദികളല്ല. കേരളത്തിന്റെ അതിർത്തിക്കുള്ളിലുള്ള നദികളിലെ ജലം മറ്റ് സംസ്ഥാനങ്ങളിൽ ഉപയോഗിക്കുന്നതിനു മുമ്പ് സംസ്ഥാനത്തിന്റെ സമ്മതം വാങ്ങിയിരിക്കണം എന്നാണ് കേരളത്തിന്റെ നിലപാട്. മറിച്ചുള്ള നടപടി ഭരണഘടനാ ലംഘനമാണ്.

ദേശീയ വികസന ഏജൻസി നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പമ്പാ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് കേരളം ബന്ധപ്പെട്ട എല്ലാ വ്യക്തികളോടും ഏജൻസികളോടും ശക്തിയുക്തം ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly